**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻസിന്റെ പേരിൽ അടുത്തുള്ള ദേശസാൽകൃത ബാങ്കിൽ, അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.7455/2018/ധന.** തിരുവനന്തപുരം, തീയതി **05/09/2018**

പരാമർശം:- 1. 30.08.2018 തീയതിയിലെ മന്ത്രിസഭാ യോഗത്തിലെ തീരുമാനം ഇനം നം.2459

2. ഭരണവകുപ്പ് ഫയൽ നം. GEDN-G3/369/2018-GEDN കംപ്യൂട്ടർ നം.946386

**<u>ഉത്തരവ്</u>**

കേരളത്തിലെ ദുരന്ത നിവാരണത്തിനായി സംസ്ഥാനത്തെ പ്രൊഫഷണൽ, എയ്ഡഡ്, സർക്കാർ നിയന്ത്രണത്തില്ലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സെപ്റ്റംബർ 11 ന് വിഭവ സമാഹരണം നടത്താൻ നടപടി സ്വീകരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ- ഉന്നത വിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തികൊണ്ടും, സംസ്ഥാനത്തുള്ള CBSE,ICSE സ്ഥാപനങ്ങളെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന ഇതിൽ പങ്കെടുപ്പിക്കുന്ന കാര്യം പരിഗണിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടും 30.8.2018 ലെ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി പൊതു വിദ്യാഭ്യാസ വകുപ്പിന് ഒരു ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനുള്ള അനുമതിയ്ക്കായി അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി മാത്രം താത്കാലികമായി ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻസിന്റെ പേരിൽ അടുത്തുള്ള ദേശസാൽകൃത ബാങ്കിൽ, അക്കൗണ്ട് ആരംഭിക്കുന്നതിന്, ഇതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മേൽ അക്കൗണ്ട് ക്ലോസ് ചെയ്യണമെന്ന നിബന്ധനയോടെ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻസ്, ജഗതി, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് (ഭരണവകുപ്പ് ഫയൽ നം. GEDN-G3/369/2018-GEDN കംപ്യൂട്ടർ നം.946386)

സംസ്ഥാനത്തെ എല്ലാ പ്രൊഫഷണൽ, എയ്ഡഡ്, സർക്കാർ നിയന്ത്രണത്തില്ലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ഡി.പി.ഐ മുഖേന)

ധന(ഫണ്ട്സ്)വകുപ്പ്

നോഡൽ ഓഫീസർ, <u>www.finance.kerala.gov.in</u>

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ